"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - ആലപ്പുഴ നഗരസഭയിൽ എൽ.ഡി.ക്ളർക്ക് /ബിൽകളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.രാജേഷ്കുമാർ.പി. - ടി തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.1204/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/06/2021

---

പരാമർശം:- 1 നഗരകാര്യഡയറക്ടറുടെ 23.03.2021 തീയതിയിലെ ഇ7-27376/18 നമ്പർ കത്ത്.

2 നഗരകാര്യവകുപ്പ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ 23.03.2021 തീയതിയിലെ ഇ7-27376/18 (2) നമ്പർ ഉത്തരവ്

<u>ഉത്തരവ്</u>

കേരള മുനിസിപ്പൽ കോമൺ സർവ്വിസിൽ 29.10.2008 തീയതിയിൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.രാജേഷ്കുമാർ.പി. ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി.പരീക്ഷ 14.08.2014ൽ ൽ ആണ് പാസ്സായിട്ടുള്ളത് എന്നതിനാൽ 15.08.2014ൽ ടിയാന്റെ പ്രൊബേഷൻ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക വിധത്തിൽ നിരീക്ഷണ കാലയളവ് കെ.എസ്.& എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം 16.08.2014വരെ ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 1 പ്രകാരം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്ത് നൽകിയിരുന്നു.

2. 29.10.2008തീയതിയിൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.രാജേഷ്കുമാർ.പി. - യുടെ നിരീക്ഷണ കാലയളവ്, ടിയാൾ ടി തസ്തികയിൽ 2 വർഷ സേവനം പൂർത്തിയാക്കിയതിന്റെ തൊട്ടടുത്തദിവസം മുതൽ ഒരു വർഷത്തേക്ക് (29.10.2011വരെ) പരാമർശം 2 പ്രകാരം നിയമനാധികാരി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ 29.10.2008ൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.രാജേഷ്കുമാർ.പി. 14.08.2014ൽ നടന്ന പരീക്ഷയിലാണ് ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി

പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി.പരീക്ഷ വിജയിച്ചത് എന്നതിനാൽ ടിയാളുടെ നിരീക്ഷണകാലം 15.08.2014പൂർവ്വാഹ്നത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി നഗരകാര്യഡയറക്ടർക്ക് പ്രഖ്യാപിക്കാൻ സാധിക്കത്തക്ക രീതിയിൽ, നിയമനാധികാരി നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 30.10.2011 മുതൽ 16.08.2014വരെ, KS&SSRs, Part II ചട്ടം 21 പ്രകാരം നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Jaisy Paul
അണ്ടർ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.രാജേഷ്കുമാർ.പി. എൽ.ഡി.ക്ളർക്ക് /ബിൽകളക്ടർ, ആലപ്പുഴ നഗരസഭ
( നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, ആലപ്പുഴ നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ